■ പ്രതികരണം

മുഹമ്മദ് കുഞ്ഞു, മസ്കത്ത്

# അധ്യാപനവും സമൂഹസൃഷ്ടിയും

**'അധ്യാപകസമൂഹം** ജാഗ്രത കാണിക്കണം' (സെപ്റ്റംബർ 8 ലക്കം: 14) എന്ന കുറിപ്പാണ് ഈ പ്രതികരണത്തിനു പ്രേരകം.

ഒരു മനുഷ്യന്റെ വ്യക്തിത്വം രൂപം പ്രാപിക്കാനാരംഭിക്കുന്നത് അവന്റെ കുട്ടിക്കാലത്താണ്. ഭാവിയുടെ വാഗ്ദാനമായ നമ്മുടെ കുട്ടികൾ വളർന്നുവരുന്ന ചുറ്റുപാടുകളും വീട്ടിലെ അന്തരീക്ഷവുമൊക്കെ പിൽക്കാല ജീവിതത്തെ വളരെ സ്വാധീനിക്കും. നാളത്തെ സമൂഹം നന്നാവണമെങ്കിൽ ഇന്നത്തെ കുട്ടികൾ നന്നായേ മതിയാകൂ.

സമൂഹസൃഷ്ടിയിൽ നല്ലൊരു പങ്ക് അധ്യാപകർക്കാണ്. പകൽസമയം അധികവും കുട്ടികൾ അധ്യാപകരോടൊപ്പം വിദ്യാലയങ്ങളിലാണല്ലോ. അധ്യാപകന്റെ വ്യക്തിത്വം, സ്വഭാവം, സംസാരം, പെരുമാറ്റം ഇവയെല്ലാം കുട്ടികൾ അനുകരിക്കും.

സാധാരണ അധ്യാപകർ രണ്ടുതരമാണെന്ന് പറയാറുണ്ട്. അധ്യാപന വൃത്തി തെരഞ്ഞെടുത്തവരും യാദൃഛികമായി അധ്യാപകരായവരും (A teacher by choice and a teacher by chance). ഏതൊരധ്യാപകനും മൂല്യാധിഷ്ഠിതമായ ചില അടിസ്ഥാന ഗുണങ്ങൾ വളർത്തിയെടുത്താൽ മാത്രമേ ഈ ജോലിയിൽ വിജയിക്കാൻ പറ്റൂ.

കുട്ടികളെ സ്നേഹിക്കാനുള്ള മനസ്സും തന്റെ മുന്നിലിരിക്കുന്ന ഓരോ കുട്ടിയും ഭാവിയിലെ ഉന്നത വ്യക്തിത്വമാണ് എന്ന കാഴ്ചപ്പാടും അധ്യാപകനുണ്ടാകണം. കുട്ടികളുടെ മനസ്സിൽ ഭയമുണ്ടാക്കുന്ന പെരുമാറ്റങ്ങൾ അധ്യാപകനിൽനിന്നുണ്ടാകാൻ പാടില്ല. കുട്ടികളിൽ കാണുന്ന അരുതായ്മകൾ തിരുത്തുന്നതു തന്നെ വളരെ ശ്രദ്ധയോടെയാവണം. മറ്റുള്ളവരുടെ മുന്നിൽ കുട്ടിയുടെ വ്യക്തിത്വത്തെ ഹനിക്കുന്ന രീതിയിലാവരുത്.

ക്ഷമയുടെ പര്യായമായി മാറിയേ പറ്റൂ അധ്യാപകൻ. ക്ലാസ്സിലെ ഓരോ കുട്ടിയും വ്യത്യസ്തമായ കുടുംബാന്തരീക്ഷത്തിൽ വളർന്നു വരുന്നവരാണ്. പൂർണ നിശ്ശബ്ദതയുണ്ടെങ്കിലേ പഠനം നടക്കൂ എന്ന ധാരണ ശരിയല്ല. കുട്ടികളുടെ ബുദ്ധിനിലവാരമനുസരിച്ച് പാഠ്യപദ്ധതിയിലെ വിഷയങ്ങൾ ചർച്ചയിലൂടെയും പഠിപ്പിക്കാവുന്നതാണ്. പഠന പ്രക്രിയയിലെ ഒരു പ്രചോദകൻ ആയി മാറണം അധ്യാപകൻ.

ഇതര തൊഴിലുകളിൽനിന്ന് വ്യത്യസ്തമാണ് അധ്യാപകനും. അധ്യാപകൻ മനുഷ്യ മനസ്സുകളുമായി നേരിട്ട് സംവദിക്കുന്നു. ബോധപൂർവമായ പ്രയത്നം അധ്യാപകന്റെ ഭാഗത്തു നിന്നുണ്ടായാലേ പഠനം നടക്കൂ. അധ്യാപകന്റെയും പഠിതാവിന്റെയും മനസ്സും ഒരുപോലെ പ്രവർത്തനനിരതമാകണം.

ഇളം മനസ്സുകൾ കുഴച്ച മാവുപോലെയാണ്. എങ്ങനെയാണോ അത് രൂപപ്പെടുത്തുന്നത് അതുപോലെ ഉറച്ചുവരും. ഒരു തലമുറയെ രൂപപ്പെടുത്തേണ്ടവരാണ് അധ്യാപകർ. അതിനു വേണ്ടി കുട്ടികളുടെ കഴിവുകൾ വളർത്തിയെടുക്കാൻ പാഠ്യേതര പരിപാടികളിലും അധ്യാപകന് ധാരാളം കാര്യങ്ങൾ ചെയ്യാൻ പറ്റും.

മാറുന്ന സാഹചര്യങ്ങളെക്കുറിച്ച് അധ്യാപകൻ ബോധവാനായിരിക്കണം. തന്റെ അധ്യാപക പരിശീലന കാലത്തെ അറിവ് വെച്ച് അധ്യാപനവൃത്തിയിൽ മുന്നോട്ടുപോയാൽ വിജയിക്കില്ല. അധ്യാപനരംഗത്തെ ആധുനികരീതികളും സാങ്കേതികവിദ്യകളും ആർജിക്കേണ്ടതുണ്ട്. അധ്യാപന രീതികളിൽ (Teaching methodology) തന്നെ വളരെ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. മുമ്പ് അധ്യാപക കേന്ദ്രീകൃത (Teacher centred)യിരുന്ന പഠനപ്രക്രിയ ഇന്ന് ശിശുകേന്ദ്രീകൃതമാ(child centred)ണ്. കുട്ടികൾക്ക് അറിയാനും ചോദിക്കാനുമുള്ള അവകാശം വകവെച്ചുകൊടുത്തേ മതിയാകൂ.

സ്വന്തം വിഷയത്തിൽ ആഴമേറിയ ജ്ഞാനം, അനുബന്ധ വിഷയങ്ങളിലുള്ള പരിജ്ഞാനം, ആനുകാലിക സംഭവങ്ങളിലുള്ള അറിവ്, കലാസാഹിത്യ മേഖലകളിലുള്ള താൽപര്യം ഇതൊക്കെ അധ്യാപകനുണ്ടായിരിക്കണം. സാങ്കേതിക വിദ്യ (Technology based teaching methods) ഉപയോഗപ്പെടുത്തിയും വിഷയാവതരണങ്ങളിൽ നൂതന മാർഗങ്ങൾ കരസ്ഥമാക്കിയും അധ്യാപകൻ കാലികമാക്കിയിരിക്കണം തന്റെ മനസ്സിനെ.

വിദ്യാഭ്യാസത്തിന്റെ നിർദിഷ്ട ലക്ഷ്യത്തെക്കുറിച്ചുള്ള അധ്യാപകന്റെ ബോധം വളരെ പ്രധാനമാണ്. വിദ്യാഭ്യാസത്തെക്കുറിച്ച് ഗാന്ധിജിയുടെ നിർവചനം വളരെ ശ്രദ്ധേയമാണ്: 'ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും ആത്മീയവുമായ ഔന്നത്യത്തിന്റെ സമഗ്രമായ വളർച്ച നൽകുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.'

കുട്ടിയുടെ അകക്കണ്ണ് തുറപ്പിക്കേ

ണ്ടയാളാണ് അധ്യാപകൻ. കേവലം വിവരം പകർന്നു കൊടുക്കലല്ല അധ്യാപകന്റെ ജോലി. കുട്ടിയുടെ മനസ്സിൽ നന്മയുടെ വിത്തുകൾ പാകാൻ അധ്യാപകന് കഴിയണം. കഥകൾ, കവിതകൾ, ആത്മകഥാഭാഗങ്ങൾ എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യമിതാണ്. ദൗർഭാഗ്യകരമെന്നു പറയട്ടെ ഇന്ന് വിദ്യാഭ്യാസമെന്നാൽ ശാസ്ത്രജ്ഞാനം നേടലും ഉയർന്ന ശമ്പളം കിട്ടുന്ന ജോലി നേടലുമാണ്. ലക്ഷ്യബോധത്തോടെ, മൂല്യാധിഷ്ഠിതമായി ജീവിത സാഹചര്യങ്ങളോട് ചേർത്തിണക്കി അവതരിപ്പിച്ചാലേ അധ്യാപനം ഫലവത്താകൂ.

അധ്യാപനം നടക്കേണ്ടത് വിദ്യാലയത്തിൽ മാത്രമല്ല എന്ന ബോധം മാതാപിതാക്കൾക്കും ഉണ്ടായിരിക്കണം. മാതാവിന്റെ മടിത്തട്ടാണ് ആദ്യത്തെ പാഠശാല. കുട്ടിയുടെ വ്യക്തിത്വവികാസത്തിൽ മാതാപിതാക്കൾക്ക് വളരെ വലിയ പങ്കുണ്ട്. കുടുംബാന്തരീക്ഷം ആനന്ദകരവും ആരോഗ്യ കരവുമായിരിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. മക്കളെ നിരന്തരം ശകാരിക്കുന്നതും കുറ്റപ്പെടുത്തുന്നതും ഒഴിവാക്കി സ്നേഹപൂർവമായ ഉപദേശമാണ് നൽകേണ്ടത്. പഠനത്തിൽ അൽപം പിന്നിലായാൽ അവശേഷിക്കുന്ന മനോവീര്യം കൂടി തകരുന്ന രീതിയിൽ മറ്റുള്ള കുട്ടികളുമായി താരതമ്യപ്പെടുത്തരുത്. ഗുണാത്മക (positive) മായിട്ടേ കുട്ടികളെ താരതമ്യപ്പെടുത്താവൂ. ഓരോ കുട്ടിയുടെയും കഴിവ് ഓരോ രീതിയിലാണ്. ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടികൾ മാത്രമാണ് മിടുക്കർ എന്ന ധാരണ ശരിയല്ല. ഒരു കുട്ടിയിൽ നിക്ഷിപ്തമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി പരമാവധി പരിപോഷിപ്പിക്കാനാണ് അധ്യാപകരും മാതാപിതാക്കളും ശ്രമിക്കേണ്ടത്. ശിക്ഷയല്ല ശിക്ഷണമാണ് ആവശ്യം. അവസരോചിതം പ്രശംസിക്കുന്നത് കുട്ടികളെ ഉത്സാഹമുള്ളവരാക്കും. ഭാവിയിൽ സാമൂഹികബോധമുള്ള നല്ല മനുഷ്യരായി മക്കൾ ജീവിക്കണം എന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള ശിക്ഷണം നൽകാൻ മാതാപിതാക്കൾ നിരന്തരം ശ്രമിച്ചേ മതിയാകൂ.

കുട്ടികളിൽ കാണുന്ന അരുതായ്മകൾക്ക് അധ്യാപകരെ മാത്രം കുറ്റപ്പെടുത്തി രക്ഷിതാക്കൾക്ക് പുറംതിരിഞ്ഞു നിൽക്കാനാകുമോ? ഭാവിയിൽ വെല്ലുവിളികൾ നേരിടേണ്ടവരാണ് ഇന്നത്തെ കുട്ടികൾ. മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് മാതാപിതാക്കൾക്കും ശ്രദ്ധവേണം. കുട്ടിയുടെ ബുദ്ധി വികസിക്കണം, മനോവീര്യം വളരണം. എല്ലാറ്റിലുമുപരി സൽസ്വഭാവ രൂപീകരണം നടക്കണം, ഭാവിയിൽ സ്വന്തം കാലിൽ നിൽക്കാനും കഴിയണം.

അധ്യാപനത്തിന് വേറെയും വിശാലമായ അർഥതലങ്ങളുണ്ട്. സമൂഹത്തിൽ കാണുന്ന തിന്മകൾക്കെതിരിൽ അവസരോചിതം പ്രതികരിക്കുന്നവനുമാകണം അധ്യാപകൻ. പ്രവാചകൻ(സ) സമൂഹത്തിന്റെ അധ്യാപകനായിരുന്നു (മുഅല്ലിമുൽ ഉമ്മ). അതുകൊണ്ടുതന്നെ വിശ്വാസികളുടെ ബാധ്യതയാണ് തിന്മ വിലക്കലും നന്മ ഉപദേശിക്കലും.

■